**ആരോഗ്യവകുപ്പ് ഡയറക്ടറുടെ നടപടിക്രമം**

---

വിഷയം:- ആ.വ.ഡ – ജീവനക്കാര്യം –സർക്കാർ നഴ്സിംഗ് സ്കൂളുകളിലും ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് പരിശീലനകേന്ദ്രങ്ങളിലും 31.10.2023 വരെയുള്ള നഴ്സിംഗ് ട്യൂട്ടർ തസ്തികയിലെ ഒഴിവുകളിലേയ്ക്ക് തസ്തികമാറ്റം മുഖേനയുള്ള (By transfer) നിയമനത്തിന് യോഗ്യരായ സീനിയർ നഴ്സിംഗ് ഓഫീസർ, നഴ്സിംഗ് ഓഫീസർ ഗ്രേഡ്I (1000 റാങ്ക് വരെയുള്ളവർ) ജീവനക്കാരുടെ അന്തിമ മുൻഗണനാപട്ടികയിൽ ശ്രീമതി.ഷെൽജിമോൾ.ജി യെ താൽക്കാലികമായി ഉൾപ്പെടുത്തി പുറപ്പെടുവിച്ച നോട്ടീസ് അന്തിമമാക്കി ഒ.എ (ഇ.കെ.എം)1284/2024 കേസിന്മേൽ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂൺ ന്റെ 10/10/2024 ലെ ഉത്തരവ്അനുപാലിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:-

1. ഈ ഓഫീസിൽ നിന്നും ഇതേ നമ്പർ പ്രകാരമുള്ള 23/11/2022 ലെ സർക്കുലർ.
2. കത്ത് നം.എ3-14709/2022 ജി.മെ.ആ കാസർഗോഡ് തീയതി 09.12.2022.
3. ഉത്തരവ് നം.ഇ.എസ്3-6621/2022/ആ.വ.ഡ തീയതി 27.06.2023.
4. ഈ ഓഫീസിൽനിന്നും ഇതേ നമ്പർ പ്രകാരമുള്ള 28/11/2023 ലെ ഉത്തരവ്.
5. ഒ.എ(ഇ.കെ.എം)312/2024 കേസിന്മേൽ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂൺ ന്റെ 27/02/2024 ലെ

ഉത്തരവ്.

6. ഉത്തരവ് നം.ഇ.എസ്3-5175/2024/ആ.വ.ഡ തീയതി 02.05.2024.

7. ഒ.എ(ഇ.കെ.എം)1284/2024 കേസിന്മേൽ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ ന്റെ 10/10/2024 ലെ ഉത്തരവ്.

8 ഈ ഓഫീസിൽ നിന്നും ഇതേ നമ്പർ പ്രകാരമുള്ള 21/11/2024 ലെ നോട്ടീസ്.

**ഉത്തരവ് നം: ഇ.എസ്6/4556/2022/ആ.വ.ഡ തീയതി: 13-12-2024**

---

ശ്രീമതി.ഷെൽജിമോൾ ജി ഫയൽ ചെയ്ത ഒ.എ (ഇ കെ എം) നം.312/2014 കേസിന്മേൽ പരാമർശം (5) പ്രകാരമുള്ള ഉത്തരവിന്റെ അടിസ്ഥാനത്തിൽ ടി ജീവനക്കാരിക്ക് പരാമർശം (3) പ്രകാരം നഴ്സിംഗ് ഓഫീസർ ഗ്രേഡ് I സീനിയോരിറ്റി പട്ടികയിൽ അനുവദിച്ചിരുന്ന 548-ആം സ്ഥാനം പുനഃക്രമീകരിച്ച് 272 A സ്ഥാനം നൽകി പരാമർശം (6) പ്രകാരം ഉത്തരവായിട്ടുള്ളതാകുന്നു.

2. പരാമർശം (1) സർക്കുലർ പ്രകാരം സർക്കാർ നഴ്സിംഗ് സ്കൂളുകളിലും ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് പരിശീലന കേന്ദ്രങ്ങളിലും നഴ്സിംഗ് ട്യൂട്ടർ തസ്തികയിലെ ഒഴിവുകളിലേയ്ക്ക് തസ്തികമാറ്റം മുഖേനയുള്ള (ബൈട്രാൻസ്ഫർ ) നിയമനത്തിനായി ജീവനക്കാരുടെ മുൻഗണനാപട്ടിക തയ്യാറാക്കുന്നതിന് അപേക്ഷ ക്ഷണിച്ചതിന്റെ അടിസ്ഥാനത്തിൽ ടി ജീവനക്കാരി പരാമർശം (2) പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നുവെങ്കിലും അന്തിമ മുൻഗണനാ പട്ടിക പ്രസിദ്ധീകരിച്ചിരുന്ന സമയത്ത് നഴ്സിംഗ് ഓഫീസർ ഗ്രേഡ് I തസ്തികയിലെ സീനിയോറിറ്റിസ്ഥാന പ്രകാരം പ്രസ്തുത പട്ടികയിൽ ഉൾപ്പെട്ടിട്ടില്ലാത്തതാകുന്നു.

3. എന്നാൽ പരാമർശം (6) പ്രകാരം ടിയാൾക്ക് അനുവദിച്ച് കിട്ടിയ നഴ്സിംഗ് ഓഫീസർ ഗ്രേഡ് I തസ്തികയിലെ സ്ഥാനത്തിന്റെ

അടിസ്ഥാനത്തിൽ പരാമർശം (4) പ്രകാരം പ്രസിദ്ധീകരിച്ചിട്ടുള്ള സീനിയോറിറ്റി പട്ടികയിൽ ഉൾപ്പെടാൻ യോഗ്യത ഉണ്ടെന്ന് കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിലും പരാമർശം (7) പ്രകാരമുള്ള ഉത്തരവിന്റെ അടിസ്ഥാനത്തിലും പരാമർശം (4) പ്രകാരം പ്രസിദ്ധീകരിച്ച സീനിയോരിറ്റി പട്ടികയിൽ ശ്രീമതി. ഷെൽജിമോൾ.ജിയ്ക്ക് 21 A റാങ്ക് നല്കി താല്ക്കാലികമായി ഉൾപ്പെടുത്തി പരാമർശം (8) പ്രകാരം നോട്ടീസ് പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത നോട്ടീസിൽമേൽ യാതൊരു ആക്ഷേപവും നാളിതുവരെ ലഭ്യമായിട്ടില്ലാത്തതിനാൽ പരാമർശം (8) നോട്ടീസ് സ്ഥിരപ്പെടുത്തി പരാമർശം (7) ലെ ഉത്തരവ് അനുപാലിച്ച് ഇതിനാൽ ഉത്തരവാകുന്നു. പരാമർശം(4) പ്രകാരമുള്ള ഉത്തരവ് ഭേദഗതികളോടെ നിലനിൽക്കുന്നതാണ്.

| SL NO | NAME | PEN | DESIGNATION | D.O.B | PROMOTION ORDER NO. &DATE | RAN K NO.IN THE SENIORITY LIST OF S/N GR.I UP TO 31.12. 2020 | NEWLY ASSIGNED RANK NO. IN THE SENIORITY LIST OF S/N GR.I AS ON 31. 12.2022 | PB.BSC /BSC/ MSC NRG | QUALIFICATION ACQUIRED FROM | DATE OF ACQUISITION OF QUALIFICATION |
|---|---|---|---|---|---|---|---|---|---|---|
| 21 A | SHELGIMOL G | 379713 | NURSING OFFICER GR.I | 25.03. 1977 | EE1/10229/15/DHS DT. 28/05/2015 | 1072 | 272A | PBBSC& MSC | IGNOU UNIVERSITY & KERALA UNIVERSITY OF HEALTH SCIENCES THRISSUR | DEC-2005& SEP-2014 |

Signed by
Reena K J
Date: 13-12-2024 15:40:21

**ആരോഗ്യവകുപ്പ് ഡയറക്ടർ**

സ്വീകർത്താവ്:-

1.ശ്രീമതി .ഷെൽജിമോൾ.ജി(ആരോഗ്യവകുപ്പ് ഡയറക്ടറുടെ വെബ്സൈറ്റ് മുഖേന)

പകർപ്പ്:-

1.എല്ലാ ജില്ലാമെഡിക്കൽ ഓഫീസർമാർക്കും (ആരോഗ്യവകുപ്പ് ഡയറക്ടറുടെ വെബ്സൈറ്റ് മുഖേന)

2. **Advocate General, Kerala, Ernakulam** (ആമുഖ കത്ത് സഹിതം )

3.സൂപ്രണ്ട് ,ഇ.ഇ സെക്ഷൻ

4. ഫയൽ/കരുതൽ ഫയൽ